ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, അടുത്ത ബില്ലിന് ഒരു വേർഡ് മാത്രമേയുള്ളൂ. ദയവ് ചെയ്തു സഹകരിക്കണം. നിങ്ങൾ നല്ലതുപോലെ കോ-ഓപ്പറേറ്റ് ചെയ്തു. I am very thankful to you. നിങ്ങളുടെ ഇത്രയും സഹകരണം കൊണ്ടാണ് പാസ്സാക്കാനൊത്തത്. പക്ഷേ നിങ്ങൾ അടുത്ത ബില്ലിനുകൂടി സഹകരിക്കണം, അടുത്ത ബില്ലിന് ഒരു വാചകം മാത്രമേയുള്ളൂ. അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ എന്നുള്ളതിനുപകരം ഡെപ്യൂട്ടി കമ്മീഷണറുടെ ആഫീസ് എന്നു പേര് മാറ്റണമെന്നുള്ള ഒരു സെന്റൻസേയുള്ളൂ.

(6) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

ശ്രീ. വക്കം പുരുഷോത്തമൻ: ഇത് അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ പോസ്റ്റ് അബോളിഷ് ചെയ്തുകൊണ്ട് ഡെപ്യൂട്ടി കമ്മീഷണർ ആഫീസ് എന്നു ചേർക്കുന്ന പേര് വ്യത്യാസം മാത്രമേയുള്ളൂ. വേറെ യാതൊന്നും ഇല്ല.

മി. സ്പീക്കർ : ഇതിൽ ശ്രീ. പ്രകാശൻമാസ്റ്റർക്കും ശ്രീ. എ.കെ. ബാലനുമൊക്കെ ധാരാളം സംസാരിക്കാമെന്നറിയാം. നമ്മൾ സംസാരിച്ചു സംസാരിച്ച് തന്നെയാണ് ഇത്ര വൈകിച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു തട്ടുകടയിൽ ദോശ ചുടുന്നതിനു 4 മിനിറ്റെങ്കിലും വേണം. അത് ഒന്നുകോരി ഒഴിച്ച് ഒന്നു തിരിച്ചു മറിച്ച് ഇടുന്നതിനുള്ള സമയം വേണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ ഗ്യാസ് മിഠായി തിന്നുന്നതുപോലെ സാധനം ഇങ്ങോട്ട് കൊണ്ടുവന്നു ഇറക്കി തരുകയാണ്. ഇപ്പോൾ തന്നെ ഏറ്റവും അവസാനമായി പറഞ്ഞത് ഒരു വാക്ക് എന്നാണ്. ഒരു വാക്ക് മാറ്റിയാൽ മതി എന്നാണ്. സർ, എനിക്ക് ഇൻകം ടാക്സിനെക്കുറിച്ചൊന്നും അറിയാൻ പാടില്ലാത്ത ആളാണ്. ഇൻകംടാക്സിന്റെ റിട്ടേൺസ് കാണിച്ച് എന്നെ പലരും ഈ സഭയിൽ തന്നെ പേടിപ്പിക്കുന്നുമുണ്ട്. ഇൻകംടാക്സ് എന്താണെന്നോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഗ്രികൾച്ചറൽ സൂപ്പർ ടാക്സ് എന്താണെന്നോ അറിയാൻ വയ്യാത്ത ഒരു പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ചവനാണ്. കൃഷിക്കാരന്റെ മകനായതു കൊണ്ടാണ് ഇതെടുത്തത്. നേരത്തെ 300 തെങ്ങുള്ളവർക്കുമേൽ ഇത് കൊടുക്കണമെന്നു മുപ്പിലന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. അന്ന് ഈ ടാക്സ് കാണിച്ച് എന്നെ പേടിപ്പിച്ചവരാരും അന്ന് ടാക്സ് കൊടുക്കുന്നവരായിരുന്നില്ല. അഗ്രിക്കൾച്ചറൽ സൂപ്പർ ടാക്സ് കൊടുക്കുന്ന ഒരു കാലം ഉണ്ടായിരുന്നു തെങ്ങിന്റെ എണ്ണം എടുത്തിട്ട്. അന്ന് ഈ അഗ്രികൾച്ചറൽ സൂപ്പർ ടാക്സ് കൊടുത്ത ആളുകളെ ആരും ഇങ്ങനെ റിട്ടേൺസ് എടുത്തു കാണിച്ച് പേടിപ്പിക്കാറുമില്ല. ഇപ്പോൾ എന്താണ് സ്ഥിതി എന്നു ചോദിച്ചാൽ ഇതിനെ സംബന്ധിച്ചിടത്തോളം 5 ഹെക്ടർവരെ എന്നുള്ളത് ഒഴിവാക്കിയിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്നവരുടെ എണ്ണം ഇന്നു കുറഞ്ഞുകൊണ്ടിരിക്കുന്നു. അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ അപ്പീലിനെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ അപ്പലേറ്റ് അതോറിറ്റിയുടെ പേര് മാറ്റുന്നത് മാത്രം, അപ്പലറ്റ് അതോറിട്ടിയുടെ പേര് മാറ്റുന്നതുമാത്രമാണ്. ഇതിനകത്ത് ഒരു ഭേദഗതി എന്നുപറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഈ സന്ദർഭത്തിൽ ഒന്നു രണ്ട് ചെറിയ കാര്യങ്ങൾ കാർഷിക മേഖലയെക്കുറിച്ച് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. കൃഷിക്കാരന്റെ ഇൻകംടാക്സിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുമ്പോൾ സഭ ഒരു സത്യം മനസ്സിലാക്കേണ്ടത്, ഇൻകംടാക്സ് അടയ്ക്കാൻ കഴിയുന്ന എത്ര കൃഷിക്കാരുണ്ട്. ഈ വിഷയത്തെപ്പറ്റി സജീവമായി സഭ ഒന്നുകൂടി ശ്രദ്ധിക്കണമെന്നുമാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. തത്വത്തിൽ ഇപ്പോൾ അപ്പീൽ അതോറിട്ടിയെ മാറ്റാൻ ശ്രമിക്കുന്നത് എന്നു പറയുമ്പോൾ നേരത്തെ അഗ്രികൾച്ചറൽ ഇൻകംടാക്സ് കൊടുത്തിരുന്ന കുടുംബങ്ങൾക്കൊക്കെത്തന്നെ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതൊടുകൂടി ചെറുകഷണം ഭൂമികളായി ഉടമാവകാശം വന്നതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പരിധിയിൽ വരുന്നവർ വളരെ കുറവാണ്. പക്ഷേ ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പോലും ഇന്നു അവർക്ക് വരുമാനമില്ല എന്നത് സത്യമല്ലേ? കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടം. കർഷകരുടെ വിള ഇൻഷ്വറൻസ് ചെയ്യാൻ സർക്കാർ താൽപര്യം കാണിക്കാത്ത ഒരു സന്ദർഭമുണ്ട്. ഇന്നു രാവിലെ തന്നെ ഞാൻ ഇവിടെ ഒരു വസ്തുത സൂചിപ്പിച്ചു. അതിനോട് സർക്കാർ എത്രനിഷേധാത്മകമായാണ് സമീപിച്ചത്. അപ്പുറത്ത് 10 - 500 കൃഷിക്കാർ വന്നു നെല്ല് സംഭരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അവർ ഈ നിയമസഭയുടെ വാതുക്കൽ വന്നു അവരുടെ പരാതി പറഞ്ഞിട്ട് പോകുമ്പോൾ, കുട്ടനാട്ടിൽ ആകെ മുട്ടറ്റം വെള്ളം കയറി നിൽക്കുന്ന സാഹചര്യത്തിൽ ആ നെല്ല് സംഭരിച്ച് എടുക്കാൻ താൽപര്യം കാണിക്കാത്ത സർക്കാരാണ് കുട്ടനാട്ടിലെ കൃഷിക്കാരനോട് ഇൻകംടാക്സ് പിരിക്കാനുള്ള സമീപനം നമ്മൾ

ഉണ്ടാക്കുന്നത്. ടാക്സ് പിരിക്കുന്നത് സർക്കാരിന്റെ ബാധ്യതയാണെങ്കിൽ ആ കർഷകന്റെ താൽപര്യം സംരക്ഷിക്കാൻ ബാധ്യത നമുക്കില്ലേ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ പോലെയുള്ള ആളുകൾ ആ കാര്യത്തിൽ കുറെക്കൂടി ഗൗരവമായി അത് കാണണ്ടേ? കേരളത്തിലാകെ പ്രകൃതിക്ഷോഭം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കൊയ്ത്ത് കഴിഞ്ഞിരിക്കുന്ന നെല്ല് സംഭരിക്കാൻ ആളില്ലാത്ത സ്ഥിതിവിശേഷം എത്രയോ ഗൗരവമാണ് കേരളത്തിൽ. അത് പറഞ്ഞാൽ കുറെ തർക്കയുക്തത്തിനു മറുപടി പറഞ്ഞിട്ടു പിരിയുന്നതല്ലേ സ്ഥിതിവിശേഷം. നാളികേര കൃഷിക്കാരന് നാളികേര സംഭരണത്തെക്കുറിച്ച് പറഞ്ഞാൽ ശ്രീമതി ഗൗരിയമ്മ വഴക്കിടും. ശ്രീമതി ഗൗരിയമ്മ ഇപ്പോൾ ഇല്ലാത്തതുകൊണ്ട് പറയുന്നതിന് സൗകര്യമുണ്ട്. കൊപ്ര സംഭരണം നമ്മുടെ നാട്ടിൽ തകർന്നു തരിപ്പണമായില്ലേ. അതുപോലെ തന്നെ അടയ്ക്കാസംഭരണത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞു. കൃഷിക്കാരന്റെ കൈയിൽ നിന്നു ടാക്സ് പിരിക്കണമെന്ന് നിഷ്ക്കർഷിക്കുകയും അവരുടെ ടാക്സിന് അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് താൽപര്യത്തോടെ ബിൽ കൊണ്ടുവരികയും അതിനോട് യോജിച്ച് പാസ്സാക്കി കൊണ്ടുപോവുകയും ചെയ്യാൻ കഴിയുമല്ലോ. അതിനൊന്നും എനിക്ക് തർക്കമില്ല. ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ വിയോജിപ്പ് എഴുതിയില്ല എന്നു പറയുമ്പോൾ നമ്മൾ ഇത് പാസ്സാക്കാൻ പോവുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞു ഞങ്ങൾ വളരെ കൂടുതൽ സഹകരിച്ചുവെന്ന്. ഈ സന്ദർഭത്തിൽ ഈ കൃഷിക്കാരെക്കുറിച്ച് ചിന്തിക്കാൻ ഈ സഭയിൽ ഈ അവസരമെങ്കിലും ഉപയോഗിക്കാൻ കഴിയണം. അതുകൊണ്ടാണ് വളരെ കുറച്ച് സമയംകൊണ്ട് ഞാൻ ഒന്നു രണ്ട് കാര്യങ്ങൾ പറഞ്ഞത്. സമസ്ത മേഖലയിലെയും കൃഷിയെയാണ് ബാധിച്ചിരിക്കുന്നത്. ഇതിൽ റബ്ബറിന് മാത്രമാണ് അല്പം വിലയുള്ളത്. ആയിരക്കണക്കിന് റബ്ബർ മരങ്ങൾ ഈ പ്രകൃതിക്ഷോഭത്തിൽ കടപുഴകി വീണുവെന്നാണ് പറഞ്ഞത്. കൃഷിക്കാരന് ടാക്സ് ചുമത്താൻ ശ്രമിക്കുമ്പോഴും അതിന്റെ അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് ഒരു നിയമ ഭേദഗതി ചെയ്യാൻ നമ്മൾ താൽപര്യം കാണിക്കുമ്പോഴും ഈ കൃഷിക്കാരന്റെ കൃഷിയെ സംബന്ധിച്ച് ആ മേഖലയിൽ നമ്മുടെ സർക്കാർ എടുക്കുന്ന നിലപാടിനെക്കുറിച്ചും ഒന്നു ചിന്തിക്കാൻ കൂടി ഈ മന്ത്രിസഭയിലെ സീനിയർ മന്ത്രിയായ ബില്ല് പൈലറ്റ് ചെയ്ത ധനകാര്യവകുപ്പുമന്ത്രി മുൻകൈയെടുക്കണം. അതാണ് ഈ ബില്ലിന്റെ ചർച്ചയിൽ ഉന്നയിക്കാൻ ശ്രമിച്ച ഒരു പോയിന്റ്. അതിൽ കൂടുതലൊന്നും എനിക്ക് ഇതേക്കുറിച്ച് പറയാനില്ല. നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞതുകൊണ്ട് നാളികേരത്തിന് അൽപം വിലയുണ്ട്. റബ്ബറിന്റെ സ്ഥിതിയും കഴിച്ചാൽ എന്താണ് സ്ഥിതി? അതുകൊണ്ട് അങ്ങയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഈ ടാക്സ് പിരിക്കാൻ ശ്രമിക്കുന്ന കാർഷിക മേഖലയിലെ കൃഷിക്കാരന്റെ സ്ഥിതി അങ്ങയേപ്പോലുള്ളവർ ഗൗരവമായി കാണാനും അതിന് പരിഹാരം ഉണ്ടാക്കി കൊടുക്കാനും

LIBRARY ARCHIVES Kerala Legislative Assembly

കഴിയണം. അതിനെ സർക്കാർ കുറെക്കൂടി സീരിയസായി കാണണം. ഞാൻ അതാണ് പറഞ്ഞത്. നെല്ല് സംഭരിക്കുന്നു എന്നു പറയുമ്പോൾ, 45,000 ടൺ നെല്ല് ഇനി എത്രകാലം കൊണ്ട് സംഭരിച്ചു തീർക്കും. കുട്ടനാട് മുഴുവൻ വെള്ളമായി. അതുപറയുമ്പോൾ ആളുകൾ പറയുന്നത് മില്ലുകാരെ സഹായിക്കാനാണെന്നു പറയുന്നവനെ ആക്ഷേപിക്കാൻ ശ്രമിക്കുകയാണ്. ഇവിടെ ശ്രീ. പി. ജെ. ജോയിയെപ്പോലുള്ളവർ ഇരിക്കുന്നുണ്ടല്ലോ, അവർ ഭരണ കക്ഷി അംഗങ്ങളല്ലേ. നിങ്ങൾക്കെല്ലാം അഭിപ്രായമില്ലേ ഇക്കാര്യത്തിൽ. ഈ നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് മാറ്റിക്കൊണ്ട് ഈ കർഷകരെ സംരക്ഷിക്കണ്ടേ? കാർഷിക മേഖലയിലെ നിരവധി പ്രശ്നങ്ങൾ കേട്ടിരിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാശ് കൊടുക്കണം. കൃഷിക്കാരിൽ നിന്ന് ടാക്സ് പിരിക്കാൻ ശ്രമിക്കുന്ന ബിൽ കൊണ്ടുവരുന്ന ധനകാര്യ വകുപ്പുമന്ത്രി ഇവർക്ക് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാനുള്ള പണം കൊടുത്തിട്ടില്ല. വേനൽമഴ കാരണം അപ്പർ കുട്ടനാട് മേഖലയിലെ വിളഞ്ഞു കിടന്ന നെല്ല് ആകെ നശിച്ചു. ബാങ്കിൽ നിന്ന് വായ്പ എടുത്തവർക്ക് ഇൻഷ്വറൻസ് കവറേജ് കിട്ടും. ഗവൺമെന്റ് കൃഷിക്കാരന്റെ ഇൻഷ്വറൻസ് പ്രീമിയം ഒരു തവണ അടച്ചാൽ ബാങ്കിൽ നിന്ന് ഹ്രസ്വകാല വായ്പയെടുത്ത് കൃഷി ഇറക്കിയ കൃഷിക്കാരന് സർക്കാർ ഒരു പൈസയും കൊടുത്തില്ലെങ്കിലും ഇൻഷ്വറൻസ് കവറേജ് കിട്ടും. അത്രയെങ്കിലും ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടേ? വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ തന്നെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാത്തതു കൊണ്ടാണ് ഈ സ്ഥിതിവിശേഷം. അങ്ങ് ഇവിടെ എക്സൈസുകാരുടെ കാര്യമൊക്കെ പറഞ്ഞു. നേരത്തെ ഡോ. തോമസ് ഐസക്കും ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ഒരു കുപ്പി സ്പിരിറ്റ് വാങ്ങിയിട്ട് അതിനകത്ത് രണ്ടു കുപ്പി വെള്ളമൊഴിച്ച് അരണ്ട വെളിച്ചത്തിൽ വിറ്റാൽ കിട്ടുന്ന ഒരു ലാഭം ഈ കൃഷിക്കാർക്ക് ഒരു മേഖലയിലും ഇല്ല. ആ സത്യം സർക്കാർ മനസ്സിലാക്കണം. അത് മനസ്സിലാക്കിക്കൊണ്ട് ഈ കാര്യത്തെ സമീപിക്കണം. അങ്ങനെ സമീപിക്കുമ്പോൾ ടാക്സ് പിരിക്കാനും ടാക്സ് കൊടുക്കുന്നവന് അപ്പീൽ കൊടുക്കാനുമുള്ള സംവിധാനം ഉണ്ടാക്കുന്നതിനെ കുറിച്ചൊക്കെ സർക്കാർ കാണിക്കുന്ന താൽപ്പര്യത്തോട് യോജിക്കുമ്പോൾ തന്നെ, സർക്കാർ വരുമാനം ഉണ്ടാക്കുമ്പോൾ തന്നെ നികുതിദായകന്റെ താൽപ്പര്യം സംരക്ഷിക്കാൻ ധനകാര്യ വകുപ്പുമന്ത്രി കുറെക്കൂടി താൽപ്പര്യം കാണിക്കണം. കൃഷിക്കാരന്റെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാൻ ധനകാര്യവകുപ്പുമന്ത്രി പണം വകമാറ്റി കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയിൽ ശക്തമായ പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഇതിന്റെ മൂലനിയമം അവതരിപ്പിച്ചപ്പോൾ തന്നെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. അങ്ങ് ആ വിയോജിപ്പ് നിഷ്ക്കരുണം തള്ളിയതായി അന്നത്തെ നിയമസഭാ നടപടികളിൽ കാണാം. എന്നാൽ ഇപ്പോൾ ഒരു പരിധിവരെ കൃഷിക്കാർക്ക് നികുതി ഇല്ല. എങ്കിലും കാർഷികമേഖലയിലെ ശക്തമായ കാലവർഷക്കെടുതി കൊണ്ടും വിലയിടിവ് കൊണ്ടും പ്രതിസന്ധി നേരിടുകയാണ്. ഈ സാഹചര്യത്തിൽ കൃഷി വകുപ്പിന് കൊടുക്കേണ്ടതായ എല്ലാ പണവും കൃത്യമായി കൊടുക്കുകയും ഭാവിയിലേക്ക് നമ്മളെയൊക്കെ തീറ്റിപ്പോറ്റുന്ന വിഭാഗത്തോട് കരുണ കാണിക്കുകയും എല്ലാ ട്രഷറി ബാനുകളും നീക്കം ചെയ്തുകൊണ്ട് കാർഷിക മേഖലയിൽ ഇപ്പോഴത്തെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാൻ വേണമെങ്കിൽ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടു തന്നെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ സഹകരണത്തോടുകൂടി കാർഷിക മേഖലയെ രക്ഷിക്കാൻ ധനകാര്യവകുപ്പും കൃഷിവകുപ്പും ഒരു ജോയിന്റ് വെൻചർ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, എനിക്ക് കൂടുതലായി ഒന്നും പറയാനില്ല. ഗവൺമെന്റ് മുൻകാലങ്ങളെക്കാൾ കൃഷിക്കാരുടെ കാര്യം ശ്രദ്ധിക്കുന്നുണ്ട്. അതിനുവേണ്ടി കൂടുതൽ പണം അലോട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞതുപോലെ നെൽക്കൃഷിക്കാരുടെ കാര്യം എത്രപ്രാവശ്യം ഇവിടെ പറഞ്ഞതാണ്. കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം 19 കോടി രൂപ ഇതിനകം നെല്ല് വാങ്ങുന്നതിനുവേണ്ടി മാത്രം കൊടുത്തു. വേറെ ഒരു കാലത്തും 5 കോടി രൂപ വരെപോലും ഒരു ഗവൺമെന്റും കൊടുത്തിട്ടില്ല. 19 കോടി രൂപ ഞാൻ വന്നതിനുശേഷം കൊടുത്തിട്ടുണ്ട്. അതിനു പുറമെയാണ് സിവിൽ സപ്ലൈസിന്റെ നെല്ല് വാങ്ങുന്നത്. ചെയ്യേണ്ട കാര്യങ്ങളിലെല്ലാം ഗവൺമെന്റിന് വളരെ താല്പര്യമുണ്ട്. ഈ ആക്ടിൽ അതൊന്നും വരുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാനുള്ള പണം ധനകാര്യവകുപ്പിൽ നിന്ന് അനുവദിച്ചു കൊടുത്താൽ വേനൽ മഴയിൽ കൃഷി നശിച്ച ബാങ്ക് ലോൺ എടുത്തവർക്ക് ഇൻഷ്വറൻസ് കവറേജ് കിട്ടും. സർക്കാരിന് മുതൽമുടക്കില്ലാതെ നഷ്ട പരിഹാരം കിട്ടാൻ സഹായകരമാവും. അതിന് ധനകാര്യ വകുപ്പുമന്ത്രി നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഇതെല്ലാം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കാര്യമാണ്. Finance Department is not an Administrative Department. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ചോദിക്കുന്ന കാര്യങ്ങൾ അതിന്റെ മെറിറ്റ് അനുസരിച്ച് ഫിനാൻസിന്റെ ധനസ്ഥിതി വച്ച് അനുവദിക്കുക എന്നുള്ളത് മാത്രമാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. അത് വരുമ്പോൾ പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കളത്തിൽ അബ്ദുള്ള: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെൻറ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri P. J. Joy: Sir, I move the following amendment:

(76) Clause 2 shall be recast as follows:—

In the Kerala Agricultural Income Tax Act, 1991 (15 of 1991) hereinafter referred to as the principal Act for clausc (5) of Section 2 the following clause shall bc substituted, namely:-

"(5) " Deputy Commissioner (Appeals)" means an officer appointed to be a Deputy Commissioner (Appcals) of Agricultural Income Tax under Section 24".

(ശ്രീ. വക്കം പുരുഷോത്തമൻ): ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 76-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 മുതൽ 14 വരെയുള്ള വകുപ്പുകൾ

3 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെന്റ്മെൻറ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2-8-2005 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാത്രി 8.36-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly